# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/99/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 02/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/99/2022 തീയ്യതി: 02/04/2022

## കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2020 മുതൽ 04-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-03-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിജി നട്ടപ്പറമ്പിൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. റോബർട്ട് ജോസഫ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ്. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ഫ്രാൻസിസ് ക്രിസ്റ്റി. | കൃഷി ഓഫീസർ | 01-04-2019 | 17-09-2019 |
| ശ്രീ. പോൾസൺ തോമസ് | കൃഷി ഓഫീസർ | 18-09-2019 | 03-10-2019 |
| ശ്രീമതി. സ്മിത. കെ.ഒ. | കൃഷി ഓഫീസർ | 04-10-2019 | 02-11-2019 |
| ശ്രീ. ശുബജിത്ത്. എസ്. എസ്. | കൃഷി ഓഫീസർ | 03-11-2019 | 31-03-2020 |
| ശ്രീ. ഷാജി. കെ. പി. | വി.ഇ.ഒ. എട്ടൂർ | 01-04-2019 | 31-08-2019 |
| ശ്രീമതി. ഹെസ്സ ലയോള | വി.ഇ.ഒ. എട്ടൂർ | 01-09-2019 | 07-01-2020 |
| ശ്രീമതി. കവിത ജി നായർ | വി.ഇ.ഒ. എട്ടൂർ | 08-01-2020 | 31-03-2020 |
| ഡോ. വീണ അഗസ്റ്റിൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. സുനിൽ രാജ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. ഷിബു. പി. എൻ | വെറ്റിനറി സർജൻ | 01-04-2019 | 14-12-2019 |
| ഡോ. നവാസ് ഷെറീഫ് | വെറ്റിനറി സർജൻ | 15-12-2019 | 31-03-2020 |
| ശ്രീമതി. ശ്രീലത. പി. പി. | CDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. അബ്ദുള്ള. കെ. പി. | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീ. ഷിന്റോ അലക്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ബിപിൻ ഡേവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ഷിന്റോ ജോസഫ് | വി.ഇ.ഒ. കീഴ്പ്പള്ളി | 01-04-2019 | 31-03-2020 |
| ഡോ.കിരൺ.എസ്. | മെഡിക്കൽ ഓഫീസർ, FHC, ആറളം | 01-04-2019 | 31-01-2020 |
| ഡോ.ജയകൃഷ്ണൻ.എം.എസ്. | മെഡിക്കൽ ഓഫീസർ, FHC, ആറളം | 01-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.പ്രിയ സദാനന്ദൻ | മെഡിക്കൽ ഓഫീസർ, CHC, കീഴ്ഗള്ളി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക.<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 31-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jyothish Kumar (Audit Officer (HG), On 24-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 24-01-2022)<br>Last Updated By: Vipina Valsaraj (Senior Grade Auditor, On 24-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-03-2022) | 1-9 |
| 11 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 1-10 |
| 12 | റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു<br>Written By: Sreeja.K (Auditor, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 1-11 |
| 13 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചില്ല<br>Written By: Sreeja.K (Auditor, On 22-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 24-01-2022) | 1-12 |
| 14 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sreeja.K (Auditor, On 22-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 25-01-2022) | 1-13 |
| 15 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു<br>Written By: Sreeja.K (Auditor, On 22-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-14 |
| 16 | എഫ് ടി ഇ & ഒ എസ് ലൈസൻസ് - 45 വ്യാപാര സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി<br>Written By: Sreeja.K (Auditor, On 22-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-15 |

| | | |
|---|---|---|
| 17 | മഴക്കാല പൂർവ ശുചീകരണം തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.₹255000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-16 |
| 18 | ചതിരൂർ 110 കോളനിയിൽ കുഴൽകിണർ നർമ്മാണം - ചെലവ് വിവരം ലഭ്യമല്ലാത്തതിനാൽ ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-03-2022) | 1-17 |
| 19 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 21-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-18 |
| 20 | ഐ.കെ.എം ന് വിഹിതം നൽകൽ - കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-03-2022) | 1-19 |
| 21 | പഞ്ചായത്തിലെ സ്കൂളുകളിൽ പത്രവിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹48510 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-03-2022) | 1-20 |
| 22 | തുടർ വിദ്യാഭ്യാസ പരിപാടി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-21 |
| 23 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഫിസിയോ തെറാപ്പിയും സ്പീച് തെറാപ്പിയും - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹159500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 1-22 |
| 24 | വൃദ്ധജന ആരോഗ്യ പരിപാലന പദ്ധതിയിലെ അപാകങ്ങൾ - ₹90454 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 1-23 |
| 25 | കുട്ടികൾക്ക് യോഗ പരിശീലനം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹200,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 1-24 |
| 26 | വൃക്കരോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ-രേഖകൾ ലഭ്യമല്ല, ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 1-25 |
| 27 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹149600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-03-2022) | 1-26 |
| 28 | വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ പദ്ധതിയിലെ - അപാകങ്ങൾ -₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 1-27 |
| 29 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ചെലവ് തുക ₹67524 | 1-28 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | |
| 30 | പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - അപാകങ്ങൾ - ₹39440 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Albert Jose (Senior Grade Auditor, On 22-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം:<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 23-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 25-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 01-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |

| | |
|---|---|
| 4 | INCOME & EXPENDITURE STATEMENT -Aralam Grama Panchayat |
| 5 | BALANCE SHEET - Aralam Grama Panchayat |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ആറളം ഗ്രാമ പഞ്ചായത്തിന്റെ 2019-20ലെ ബജറ്റ് 21-2-2019 ലെ 32/2019 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9696312 |
| വരവ് | 287940050 |
| ആകെ | 297636362 |
| ചെലവ് | 294621450 |
| നീക്കിയിരിപ്പ് | 3014912 |

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2020 | 12-6-2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3. തൊഴിൽ നികുതി ട്രെയ്ഡേഴ്സ് ഡിമാന്റ് തുക വാർഷിക ധനകാര്യ പത്രിക I-1 പ്രകാരം ₹209480 യും രജിസ്റ്റർ പ്രകാരം ₹217700 യുമാണ്.

4. എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് ഡിമാന്റ് തുക രജിസ്റ്റർ പ്രകാരം ₹145250 യാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ I-4(b) ൽ ഡിമാന്റ് തുക ഉൾപ്പെടുത്തിയിട്ടില്ല.

5.2018-19 ലെ B-9 പ്രകാരം എഫ്.ടി.ഇ & ഒ എസ് ലൈസൻസ് ഫീസ് അഡ്വാൻസ് കലക്ഷൻ ₹9500 യുണ്ട്. 2019-20 ലെ RP-36 പ്രകാരം ₹500 അഡ്വാൻസ് വന്നിട്ടുണ്ട്. 2019-20 ലെ B-9 പ്രകാരം അഡ്വാൻസായുള്ളത് ₹500 യാണ്. 2018-19 ലെ B-9 പ്രകാരമുള്ള ₹9500 ക്രമീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല.

6. ഗ്രാമ പഞ്ചായത്തിന്റെ കോമ്പൌണ്ടിലെ തെങ്ങുകളിൽ നിന്നുള്ള ആദായം ലേലം കൊണ്ടവകയിൽ ₹1150 ഡെപ്പോസിറ്റായി 2018-19 ൽ അടവാക്കിയത് 2019-20 ൽ ക്രമീകരിച്ചിട്ടില്ല.

7. വികസന ഫണ്ട് - എസ്.സി.പി, വികസന ഫണ്ട് - ടി.എസ്.പി എന്നിവയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക ഒടുക്കുന്നതിനായി ജി.ഒ പ്രോജക്ടായി ചെലവഴിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. സ്ഥിരനിക്ഷേപം പലിശ ഉൾപ്പെടെ പുതുക്കിയത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. എം.ജി.എൻ.ആർ.ഇജി.എസ് നീക്കിയിരിപ്പ് തുക B-4 പ്രകാരം ₹7017 യും B-17 പ്രകാരം ₹779668 യുമാണ്.

10. ബിൽഡിംഗ് പെർമിറ്റ് ഡിമാന്റ് തുക I-4(b) പ്രകാരം ₹165318 യുണ്ട്. എന്നാൽ രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല.

11. B-18 പ്രകാരമുള്ള അതർ അഡ്വാൻസ് തുകയായ ₹158488 യെക്കുറിച്ചുള്ള വിവരം അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല.

12. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക B-7 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-7 പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
|---|---|---|
| കോൺട്രാക്ടേർസ് ഇ.എം.ഡി | 58950 | 51450 |
| ലേല ഡെപ്പോസിറ്റ് | 531668 | 541868 |
| ബിഡ്ഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 10000 | ഇല്ല |

13. വസ്തുനികുതി- വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷ ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ

സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 3094783 | 3300702 |
| കലക്ഷൻ | 3000797 | 3053957 |
| കറന്റ് ബാലൻസ് | 18541<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 24632<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) |

14. വസ്തുനികുതി 2018-19 ലെ B-15 പ്രകാരം പിരിച്ചെടുക്കവാൻ ബാക്കിയുള്ള തുക ₹197019യാണ്. 2019-20 ലെ സഞ്ചയ DCB പ്രകാരം കുടിശ്ശിക ഡിമാന്റ് ₹249692 യാണ്.

15. വസ്തുനികുതി കുടിശ്ശിക കലക്ഷൻ RP-43 പ്രകാരം ₹234678 യാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റ് പ്രകാരം ₹233685 യാണ്.

16. തൊഴിൽ രഹിത വേതനമിനത്തിൽ തൻവർഷം ചെലവ് ₹22680 യാണ്. എന്നാൽ I-6 പ്രകാരം ₹14040 ആണുള്ളത്.

17. വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ തൻവർഷം ചെലവ് ₹90000 യാണ്. എന്നാൽ I-6 പ്രകാരം ₹30000 യാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2019-20 |
| മുന്നിരിപ്പ് | 49308590 |
| വരവ് | 87149715 |
| ആകെ | 136458305 |
| ചെലവ് | 82520247 |
| നീക്കിയിരിപ്പ് | 53938058 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1338028 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 24962558 | 24962558 | 19280390 | 5682168 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 1002000 | 1002000 | 681837 | 320163 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 9807000 | 9807000 | 5403447 | 4403553 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 16324024 | 16324024 | 9908057 | 6415967 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 13122000 | 13122000 | 5896823 | 7225177 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 7112000 | 7112000 | 5201746 | 1910254 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 6471 | 59923029 | 59929500 | 59149832 | 779668 |
| സാക്ഷരത | 508691 | 22891 | 531582 | 0 | 531582 |

| | | | | | |
|---|---|---|---|---|---|
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 165600 | 0 | 165600 | 0 | 165600 |
| ഐ.സി.ഡി.എസ് | 2216368 | 1838764 | 4055132 | 292431 | 3762701 |
| പട്ടികവർഗ്ഗ വികസനം | 1100000 | 0 | 1100000 | 0 | 1100000 |
| എം.പി. എൽ.എ.ഡി | 49024 | 1738 | 50762 | 54 | 50708 |
| ശുചിത്വ മിഷൻ | 1126334 | 1454000 | 2580334 | 953363 | 1626971 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 39500 | 0 | 39500 | 0 | 39500 |
| ജലനിധി | 1946698 | 1000011 | 2946709 | 1208919 | 1737790 |
| സ്പെസിഫിക്ക് പർപ്പസ് ഫണ്ട് | 1701860 | 7778375 | 9480235 | 1169651 | 8310584 |
| മറ്റു ഗ്രാന്റുകൾ, ഫണ്ടുകൾ | 9467341 | 0 | 9467341 | 1387245 | 8080096 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 225 | 134828929 | 130 | 64514215 | 0 | 95 | 57.78 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 24 | 14 | 6980815 | 3051653 | 43.71 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 8 | 3530000 | 1584909 | 44.9 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 115 | 55 | 62678683 | 24118838 | 38.48 |
| 4 | കൃഷി ഓഫീസർ | 14 | 12 | 7835690 | 2494639 | 31.84 |
| 5 | വി.ഇ.ഒ. കീഴ്പള്ളി | 7 | 5 | 25063800 | 14430000 | 57.57 |
| 6 | വി.ഇ.ഒ. എടൂർ | 6 | 5 | 3222800 | 1892800 | 58.73 |

| | | | | | | |
|---|---|---|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ FHC, കീഴ്ഷള്ളി | 7 | 5 | 1600000 | 1124566 | 70.28 |
| 8 | മെഡിക്കൽ ഓഫീസർ FHC, ആറളം | 1 | 4 | 100000 | 100000 | 100 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 1335000 | 1317635 | 98.7 |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 1 | 710000 | 600000 | 84.51 |
| 11 | വെറ്റിനറി സർജൻ | 12 | 7 | 7858700 | 2622000 | 33.36 |
| 12 | ICDS സൂപ്പർവൈസർ | 6 | 4 | 8011200 | 7267869 | 90.72 |
| 13 | ഹെഡ് മാസ്റ്റർ | 14 | 10 | 2372241 | 1724839 | 72.71 |
| 14 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3530000 | 2184467 | 61.88 |
| | ആകെ | 225 | 130 | 134828929 | 64514215 | 47.85 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6471 | 1688345 | 1694816 | 915148 | 779668 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 58234684 | 58234684 | 58234684 | 0 |
| ആകെ | 6471 | 59923029 | 59929500 | 59149832 | 779668 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 15 | 22680 |
| കർഷകതൊഴിലാളി പെൻഷൻ | 332 | 2173800 |
| വിധവാ പെൻഷൻ | 1076 | 6430200 |
| വാർദ്ധക്യകാല പെൻഷൻ | 2072 | 13105200 |
| വികലാംഗ പെൻഷൻ | 32 | 2294900 |
| അവിവാഹിത പെൻഷൻ | 44 | 243000 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 3 | 90000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-1-2022 ന് 2.30 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,876 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരികത ഉറപ്പു വരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിലെ പതിനേഴ് വാർഡുകളിലും 7/2019, 12/2019, 2/2020 എന്നീ മാസങ്ങളിൽമൂന്ന് തവണവീതം ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. 7/2019 ലെ പ്രധാന അജണ്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യൽ, തൊഴിലുറപ്പ് പദ്ധതി എന്നീ വിഷയങ്ങളിലും 12/2019 ലെ പ്രധാന അജണ്ട തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അംഗീകരിക്കലും 2/2020ലെ പ്രധാന അജണ്ട 2020-21 ലെ വാർഷിക പദ്ധതി രൂപീകരണവും പി.എം.എ.വൈ ആവാസ് യോജന അംഗീകരിക്കൽ എന്നിവയായിരുന്നു. ഗ്രാമസഭാ മിനട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു

സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ് പരിശോധിച്ചതിൽ റദ്ദാക്കിയ രസീത് പ്രകാരമുള്ള തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചിട്ടുണ്ട് . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റദ്ദാക്കിയ നമ്പർ /തീയതി | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | 1190301000330 6/04/2019 | 1/445 | കൊളപ്പുറത്ത് സുദേഷ് കുമാർ | 567 |
| 2 | 119030100045 08/04/2019 | 5/147 | മാന്തോട്ടത്തിൽ ബേബിച്ചൻ ജോർജ് | 110 |
| 3 | 119030100156 20/04/2019 | 7/237 | സെക്രട്ടറി,ഇരിട്ടി റെയിഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം | 1701 |

| | | | | |
|---|---|---|---|---|
| 4 | 119030100176 25/04/2019 | 14/184 | വടക്കേകുന്നമ്മൽ എടക്കുന്നമ്മൽ ശ്രീധരൻ | 68 |
| 5 | 119030100246 03/05/2019 | 3/321 A | ചെരുവിൽജോൺ,ചെരുവിൽ സാറാമ്മ | 236 |
| 6 | 119030100770 15/06/2019 | 1/207 | കുറ്റാരപള്ളിൽ ജിജിറോയ് | 236 |
| 7 | 119030101254 20/07/2019 | 14/120 | പുതിയവീട്ടിൽ കമലാക്ഷി | 987 |
| 8 | 119030103016 16/11/2019 | 6/809 | മാനേജിംഗ് ഡയറക്ടർ, ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്, ആറളംഫാം, | 160 |
| 9 | 119030103028 18/11/2019 | 7/76 | അരീക്കര അജയകുമാർ | 636 |
| 10 | 119030103877 04/01/2020 | 15/426 | കുടകശ്ശേരി കെ. ജെ തോമസ് | 426 |
| 11 | 119030105463 15/02/2020 | 2/298 | മുകളേൽ വിജയൻ | 202 |
| 12 | 119030100807 18/06/2019 | 12/111 A | മരോട്ടിക്കത്തടത്തിൽ മത്തായി | 284 |
| 13 | 119030101200 16/07/2019 | 14/52 | പുതിയകുന്നേൽ പി.കെ. വിജയൻ | 91 |
| 14 | 119030101276 22/07/2019 | 7/225 | വട്ടപ്പാറ ബെന്നി വി. ജെ | 70 |
| 15 | 119030101297 22/07/2019 | 6/475 | മഞ്ഞക്കുന്നേൽ ജോസ് മൈക്കിൾ | 3780 |
| 16 | 119030101722 22/08/2019 | 10/19 | കണ്ണനായിക്കൽ സെബാസ്റ്റ്യൻ,അന്നമ്മ | 492 |
| 17 | 119030101735 24/08/2019 | 7/324 | ജെബീന | 387 |
| 18 | 119030102104 28/09/2019 | 6/207 A | പരിയാടത്ത് സലിം | 756 |
| 19 | 119030102114 28/09/2019 | 1/430 G | വികാർ.എട്ടൂർ നസ്രത്ത്കുന്ന് ഫൊറോന ചർച്ച് | 15687 |
| 20 | 119030102264 05/10/2019 | 15/246 C | കരോന്നവീട് ജമീല | 283 |
| 21 | 119030102264 05/10/2019 | 17/142 E | കെ വി രാജീവ് കുമാർ | 256 |
| 22 | 119030103144 23/11/2019 | 6/12 A | അണിയേരി കേളോത്ത് വിജയലക്ഷ്മി | 395 |
| 23 | 119030103927 06/01/2020 | 16/12 | നരിക്കോടൻ സതീശൻ | 294 |

| | | | | |
|---|---|---|---|---|
| 24 | 119030104413<br>17/01/2020 | 1/377 | കിഴക്കെപടവത്ത് ജോസ്എന്ന ജോസഫ് | 795 |
| 25 | 119030105463<br>15/02/2020 | 2/298 | മുകളേൽ വിജയൻ | 202 |
| 26 | 119030105518<br>18/02/2020 | 5/15 | വാക്കേത്തുരുത്തേൽ പൈലി | 273 |
| 27 | 119030105698<br>25/02/2020 | 8/418 | ഇടിമണ്ണിക്കൽ തോമസ് മാത്യു | 390 |
| | ആകെ | | | 29764 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/21-1-22) മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്തിട്ടുള്ളതിനാൽ തുക നഷ്ടമാകാനിടയുണ്ട്. ആയത് പരിശോധിച്ച് തുക നഷ്ടമായിട്ടുണ്ടെങ്കിൽ നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത രസീതി എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചില്ല

2019-20 കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനെന്ന തരത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം |
|---|---|---|---|
| 1 | 2/222 | ദേവസ്യ കെ ഡി,കുമൻ തോട് | ചിക്കൻ സ്റ്റാൾ |
| 2 | 17/474 | ജോസഫ് പണ്ടാരവളപ്പിൽ | ഓയിൽ & ഫ്ലോർമില്ല് |
| 3 | 6/304 | ബൈജു കെ ജെ,എട്ടൂർ | സാന്ദ്ര സ്റ്റേഷനറി |
| 4 | 17/74 | മദർ സുപ്പീരിയർ,ഡൊമനിക്കൻ സിസ്റ്റേഴ്സ് ഓഫ് പോംപെ | ഹോളി റോസറി ക്ലിനിക്ക് |
| 5 | 8/314 | ജോയ് എം യു,കീഴ്പള്ളി | സ്റ്റേഷനറി |
| 6 | 6/537 | മുഹമ്മദ് നാണത്ത്,കീഴ്പള്ളി | അനാദി,പച്ചക്കറി |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3തീയതി 11-1-2022) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ 1 മുതൽ 3 വരെയുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി ഡാറ്റാ എൻട്രി ചെയ്തതാണെന്നും ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണയം നടത്തി വസ്തുനികുതി ഈടാക്കേണ്ടതാണ് .സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിട നമ്പർ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2019-20കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ചെറിയ നോലിക്കൽ മാത്യു | 1/219 | സെന്റ് ജോർജ് എഞ്ചിനീയറിംഗ് വർക്സ് | 5 |
| 2 | ഐറ്റാണ്ടി പുതിയ പുരയിൽ അബ്ദുൾ രഹ്മാൻ | 16/414 A,B,C,D | കൊട്ടാരം ഫർണിച്ചർ | 3 |
| 3 | കളത്തിൽ സുധീഷ് | 12/341,342(old) | കെ എസ് ഡിജിറ്റൽ ലൈറ്റ് & സൗണ്ട് | 3 |
| 4 | ക്ലാരമ്മ തോമസ് | 17/431 | മെഡിക്കൽ ലബോറട്ടറി | 2 |
| 5 | ജെസി ആന്റണി | 17/426 | മരിയൻ ഗാർമെന്റ്സ് | 4 |

| | | | | |
|---|---|---|---|---|
| 6 | മാത്യു തൈക്കാട്ട് | 8/36 A | സെന്റ് ജോർജ് ഹോളോബ്രിക്സ് | 3 |
| 7 | സോണിയ ബിനോയ് | 1/173 | സെന്റ് ജോർജ് സ്റ്റോൺ ക്രഷർ | 9 |
| 8 | മാത്യു കെ ജി | 17/24 B | മരിയൻ എഞ്ചിനീയറിംഗ് | 3 |
| 9 | ഡാലിയ പി കെ | 17/536,537 | ഇ മൈത്രി സെന്റർ | 3 |
| 10 | ജോൺ എ ജെ | 6/423 A | ടേസ്റ്റി ബേക്കർ | 5 |
| 11 | സമൃദ്ധി എന്റർ പ്രൈസസ് | 13/190 FGH | സമൃദ്ധി സൂപ്പർമാർക്കറ്റ് | 3 |
| 12 | ജിഷ്ണു കെ വി | 16/127 | ഡോറാസ് ബെക്ക്സ് | 3 |
| 13 | സുമി ജോൺ | 1/131 A | ഹൈബ്രിക്സ് | 3 |
| 14 | റോമി പി വി പി | 9/231 A,B | ബെൽടെക് എഞ്ചിനീയറിംഗ് | 3 |

2. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | മരിയൻ ഗാർമെന്റ്സ് |
| 2 | പി കെ ഇന്റർലോക്ക് |
| 3 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്ക്ഷോപ്പ് |
| 4 | ഫ്രണ്ട്സ് ഇന്റസ്ട്രീസ് |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 7/13-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങളാണ് അറിയിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

## 1-14 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഓഡിറ്റിനു ലഭ്യമാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.2 തിയതി 11-1-2022) മറുപടിയായി, 9 റേഷൻകടകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും ടി റേഷൻകടകൾക്ക് ലൈസൻസ് എടുക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും അധികൃതർ മറുപടിയായി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 എഫ് ടി ഇ & ഒ എസ് ലൈസൻസ് - 45 വ്യാപാര സ്ഥാപനങ്ങളെ ഡിമാന്റിൽ നിന്നും ഒഴിവാക്കി

2018-19 കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം 270 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2019-20 വർഷത്തെ രജിസ്റ്റർ പ്രകാരം ആകെ 294 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ച കാണുന്നത്. ആയതിൽ 69 സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. മുൻ വർഷം ലൈസൻസ് എടുത്ത 225 സ്ഥാപനങ്ങൾ മാത്രമാണ് 2019-20 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത് . ബാക്കി 45 സ്ഥാപനങ്ങളെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2 തീയതി11-1-22) ലഭ്യമാക്കിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്ന വേളയിൽ സ്ഥാപനം അടച്ചു പൂട്ടിയതാണെന്ന് ബോധ്യപ്പെട്ടതിനാലാണ് ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെന്ന സ്ഥാപന ഉടമയുടെ അപേക്ഷയോ സ്ഥാപനം പ്രവർത്തിക്കുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻ വർഷം ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള ഒരു സ്ഥാപനത്തെ തൻവർഷത്തെ ഡിമാന്റിൽ നിന്നും ഒഴിവാക്കണമെങ്കിൽ ആയതിനു മുമ്പ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനട്സ് പരിശോധിച്ചതിൽ ഇപ്രകാരം ശുപാർശ ചെയ്തിട്ടില്ല. ആയതിനാൽ കൃത്യമായൊരു അന്വേഷണം നടത്തി ഈ കാലയളവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ്എഫ് ടി ഇ & ഒ എസ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കേണ്ടതും പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 മഴക്കാല പൂർവ ശുചീകരണം തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.₹255000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നമ്പർ 2190020/21-6-2019 പ്രകാരം 17 വാർഡുകൾക്ക് ₹5000 നിരക്കിൽ പഞ്ചായത്ത് വിഹിതമായി ₹85,000 യും ശുചിത്വമിഷൻ വിഹിതമായി ₹170000 യും (10000x17) അടക്കം ആകെ ₹2,55,000 ചെലവഴിച്ചിട്ടുണ്ട്. 17 വാർഡ് കൺവീനർമാരുടെയും അക്കൗണ്ടുകളിലേക്ക് ₹15000 വീതം നൽകുകയാണ് ചെയ്തത്. ഈ തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ വാർഡ്തല സമിതികളിൽ നിന്ന് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 15/20-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ₹2,55,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ചതിരൂർ 110 കോളനിയിൽ കുഴൽകിണർ നിർമ്മാണം - ചെലവ് വിവരം ലഭ്യമല്ലാത്തതിനാൽ ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ആറളം ഗ്രാമപഞ്ചായത്ത് |
| പ്രൊജക്ട് നമ്പർ / പേര് | 189/20 ചതിരൂർ 110 കോളനിയിൽ കുഴൽക്കിണർ നിർമ്മാണം |
| അടങ്കൽ | ₹28,000 വികസന ഫണ്ട് - ടി.എസ്.പി |
| ചെലവ് | ₹28,000 ബിൽ നമ്പർ/തിയതി : 19220652009800946471/13-12-2019 |

മേൽ പദ്ധതി പ്രകാരം കുഴൽകിണർ കുഴിക്കുന്നതിന് ₹28000 ഭൂജല വകുപ്പ് കണ്ണൂരിന്റെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ട് നമ്പർ 719011400000020 ലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കിണർ കുഴിച്ച് കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും പ്രൊജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 18/20-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരം ലഭ്യമല്ലാത്തതിനാൽ ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റിന്റെ നമ്പർ / പേര് | 49/20<br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 52/20<br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹312500 വികസന ഫണ്ട് – ജനറൽ | ₹687500 വികസന ഫണ്ട് – ജനറൽ |
| | ₹312500 സംസ്ഥാനാവിഷ്കൃത ഫണ്ട് | ₹687500 മറ്റുള്ളവ |
| | ₹625000 മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം) | |
| | ആകെ : ₹1250000 | ആകെ : ₹1375000 |
| ചെലവ് | ₹312500 വികസന ഫണ്ട് – ജനറൽ | ₹687500 വികസന ഫണ്ട് – ജനറൽ |
| ബിൽ നമ്പർ/തീയതി | 19220652012000768466/02-11-2019 | 19220652012000969785/ 19.12.19/ ₹200,000<br>19220652012001181660/ 30.01.20/ ₹237,500<br>19220652012001181662/ 30.01.20/ ₹250,000 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്ന 49/20 നമ്പർ പ്രോജക്റ്റ് പ്രകാരം 50 ഗുണഭോക്താക്കൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി ₹312500 യും 52/20 നമ്പർ പ്രോജക്റ്റ് പ്രകാരം 55 ഗുണഭോക്താക്കൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായി ₹687500 യും ഉൾപ്പെടെ ആകെ ₹1000000 എസ്.എൽ.ബി.പി കണ്ണൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ഉക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഐ.കെ.എം ന് വിഹിതം നൽകൽ - കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ആറളം ഗ്രാമപഞ്ചായത്ത് |
| പ്രൊജക്റ്റ് നമ്പർ / പേര് | 4/20 ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹1,30,230 വികസന ഫണ്ട് |
| ചെലവ് | ₹1,30,230 ബിൽ നമ്പർ/തിയതി : 19220652009800759114/30.10.19 |

ഐ.കെ.എം ന് വിഹിതം നൽകൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം 2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് വിഹിതമായി ₹1,30,230 ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും ഉകയുടെ കൈപ്പറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-20 പഞ്ചായത്തിലെ സ്കൂളുകളിൽ പത്രവിതരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹48510 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 70/20 പഞ്ചായത്തിലെ സ്കൂളുകളിൽ പത്രവിതരണം |
| അടങ്കൽ | ₹ 1000 വികസന ഫണ്ട് ജനറൽ<br>₹ 99000 തനത് ഫണ്ട്<br>ആകെ : ₹100000 |
| ചെലവ് | ₹ 1000<br>ബിൽ നമ്പർ BRN1922065201000070 1178/17-10-2019<br>വികസന ഫണ്ട് ജനറൽ<br>₹11000 5783623/12-02-20 തനത് ഫണ്ട്<br>₹3000 5783624/12-02-20 തനത് ഫണ്ട്<br>₹20000 6487378/25-10-2019 തനത് ഫണ്ട്<br>₹350 6487379/25-10-2019 തനത് ഫണ്ട്<br>₹3150 1628871/08-07-2020 തനത് ഫണ്ട്<br>₹10010 1628872/08-07-2020 തനത് ഫണ്ട്<br>ആകെ : ₹48510 |

മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ പത്രം ലഭ്യമായതിന്റെ സ്കൂൾ മേധാവിയുടെ കൈപ്പറ്റ് രശീതുകൾ ലഭ്യമല്ലാത്തതിനാൽ സ്കൂളുകൾക്ക് പത്രം ലഭ്യമായോ എന്നുള്ള കാര്യത്തിൽ വ്യക്തതയില്ല. ഇത് സംബന്ധിച്ച് നൽകിയ 14/22-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹48510 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 തുടർ വിദ്യാഭ്യാസ പരിപാടി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 81/20 സാക്ഷരത മിഷൻ സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹200,000 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹ 40,000 ബിൽ നമ്പർ : BRN19220652010001 348598, തീ. 26-02-2020 |

ആറളം ഗ്രാമ പഞ്ചായത്തിലെ തുടർവിദ്യാ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 10-ാം തരം പഠിതാക്കളുടെയും , +1 പഠിതാക്കളുടെയും കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി ഹെഡ് മാസ്റ്റർ 2019-20 വർഷം നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസ പദ്ധതി എന്ന മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിന്റെ ഭാഗമായി 10-ാം തരം തുല്യതയുടെ 10 പഠിതാക്കളുടെ കോഴ്സ് ഫീസായി ഒരാൾക്ക് ₹2000 വീതം ആകെ ₹20,000 യും ഹയർ സെക്കന്ററി വിഭാഗം 10 പഠിതാക്കളുടെ കോഴ്സ് ഫീസായി ₹20000 യും ചേർത്ത് ആകെ ₹40,000 കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57026996123 SBI, 02880100113107 UCBA) 26-02-2020 ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. കേരള സംസ്ഥാന സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയിലെ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമല്ല.
പഠിതാക്കൾ ഫുൾ കോഴ്സ് അറ്റൻഡ് ചെയ്തിട്ടുണ്ടോ, പരീക്ഷ എഴുതിയോ തുടങ്ങിയ വിവരങ്ങൾ വിശദമായ മോണിറ്ററിങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ 8/18-01-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം സാക്ഷരതാ മിഷനിൽ നിന്നും തുക കൈപ്പറ്റിയതിന്റെ വിവരം ജില്ലാ മിഷൻ ഓഫീസിൽ എത്തിയിട്ടില്ല എന്നും കൈപ്പറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നുമാണ് അറിയിച്ചത്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 1-22 ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഫിസിയോ തെറാപ്പിയും സ്പീച് തെറാപ്പിയും - രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹159500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കീഴ്പള്ളി |
| പ്രോജക്റ്റ് നമ്പർ /പേര് | 97/20 ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഫിസിയോ തെറാപ്പിയും സ്പീച് തെറാപ്പിയും |
| അടങ്കൽ | ₹200000 വികസന ഫണ്ട് |
| ചെലവ് | ₹170500 |
| ബിൽ നമ്പർ | 19220652009501282826/15-02-2020 തുക134500<br>19220652009501573874/21-03-2020 തുക11000<br>19220652009501446176/20-03-2021 തുക25000 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1) ബിൽ നം 19220652009501282826/15-02-2020 പ്രകാരം തുക ₹134500 ചെലവഴിച്ചിട്ടുണ്ട്. ഇത് താഴെ പരാമർശിച്ചവർക്ക് പ്രതിഫലം നൽകുവാനാണ് വിനിയോഗിച്ചത്.

| പേര് | ചെലവ് ഇനം | നൽകിയ തുക ₹ |
|---|---|---|
| എലിസബത്ത് ആന്റണി | സ്പീച് തെറാപ്പിസ്റ്റ് | 46500 |
| നീനു തോമസ് | ഫിസിയോ തെറാപ്പിസ്റ്റ് | 66000 |
| അഞ്ജന | ഫിസിയോ തെറാപ്പി അസിസ്റ്റന്റ് | 22000 |

എന്നാൽ മേൽപ്പറഞ്ഞവരുടെ അറ്റൻഡൻസ് വിവരങ്ങൾ ലഭ്യമല്ല. എവിടെ ജോലി ചെയ്തുവെന്നോ, ഏതൊക്കെ തീയതികളിൽ ആണ് ജോലി ചെയ്തിട്ടുള്ളതെന്നോ, തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാതെയാണ് തുക കൈമാറിയത്.

2) ബിൽ നം.19220652009501446176/20-03-2021 പ്രകാരം ₹25000 ചെലവഴിച്ചിട്ടുണ്ട്. ഈ തുക താഴെ പരാമർശിച്ചവർക്ക് പ്രതിഫലം നൽകുവാനാണ് വിനിയോഗിച്ചിട്ടുള്ളത്.

| പേര് | ചെലവ് ഇനം | നൽകിയ തുക ₹ |
|---|---|---|
| എലിസബത്ത് ആന്റണി | സ്പീച് തെറാപ്പിസ്റ്റ് | 6000 |
| നീനു തോമസ് | ഫിസിയോ തെറാപ്പിസ്റ്റ് | 14250 |
| അഞ്ജന | ഫിസിയോ തെറാപ്പി അസിസ്റ്റന്റ് | 4750 |

എന്നാൽ മേൽപ്പറഞ്ഞവരുടെ അറ്റൻഡൻസ് വിവരങ്ങൾ ലഭ്യമല്ല. എവിടെ ജോലി ചെയ്തു എന്നോ, ഏതൊക്കെ തീയതികളിലാണ് ജോലി ചെയ്തിട്ടുള്ളതെന്നോ തുടങ്ങിയ വിവരങ്ങൾ പരിശോധിക്കാതെയാണ് തുക കൈമാറിയത്.

3. പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ ( ചികിത്സ ) രോഗികളായ ഗുണഭോക്താക്കളുടെ വിവരങ്ങൾ, പരിശോധന റിപ്പോർട്ട് തുടങ്ങിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്താൻ ആവശ്യമായ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ 21/21-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹159500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 വൃദ്ധജന ആരോഗ്യ പരിപാലന പദ്ധതിയിലെ അപാകങ്ങൾ - ₹90454 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കീഴ്പ്പള്ളി |
| പ്രോജക്റ്റ് നമ്പർ /പേര് | 104/20 വൃദ്ധജന ആരോഗ്യ പരിപാലനം |
| അടങ്കൽ | ₹100000 വികസന ഫണ്ട് – ജനറൽ<br>₹100000 തനത് ഫണ്ട്<br>ആകെ : ₹200000 |
| ചെലവ് | ₹90454 വികസന ഫണ്ട് – ജനറൽ |
| ബിൽ നമ്പർ | 19220652009501609944/26-03-2020 തുക ₹70453<br>19220652009501619909/27-03-2020 തുക ₹20001 |

മേൽ പ്രോജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1. ബിൽ നം 19220652009501609944/26-03-2020 പ്രകാരം തുക ₹70453 KMSCL ൽ നിന്നും പ്രഫോർമ ഇൻവോയിസ് നമ്പർ PRF5468/20-03-20 പ്രകാരം മരുന്ന് വാങ്ങുവാൻ മുൻകൂർ തുക നൽകുവാൻ ആണ് വിനിയോഗിച്ചത്. എന്നാൽ മരുന്ന് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ വിവരം തുടങ്ങിയവ ലഭ്യമായിട്ടില്ല.

2. പദ്ധതിയുടെ ലക്ഷ്യം എന്തെന്ന് വ്യക്തമല്ല. പദ്ധതി പ്രകാരം 90454/- രൂപയും ചെലവഴിച്ചത് മരുന്ന് വാങ്ങുന്നതിന് മാത്രമാണ്. ഇത് ആശുപത്രിയിൽ വരുന്ന രോഗികൾക്ക് വിതരണം ചെയ്യുന്നതിനായി ഫാർമസിയിൽ ഏൽപ്പിക്കുകയാണ് ചെയ്തു വരുന്നത്. വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനു ഇത് ഏതു രീതിയിൽ പ്രയോജനപ്പെട്ടു എന്നുള്ള വിലയിരുത്തലുകളോ മോണിറ്ററിംഗ് റിപ്പോർട്ടോ ഇല്ല.

3. 14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.5.3 ഖണ്ഡിക പ്രകാരം ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതായി ഫയലിൽ

കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ 23/21-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ₹90454 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 കുട്ടികൾക്ക് യോഗ പരിശീലനം-പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹200,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ/പേര് | 178 /20 കുട്ടികൾക്ക് യോഗ പരിശീലനം 2017-18 |
| അടങ്കൽ | ₹ 200,000 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹ 200,000 ബിൽ നമ്പർ BRN19220652010000037633, തീ. 05-04-2019 |

ആറളം ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന 5 സ്കൂളുകളിലെ വിദ്യർത്ഥികൾക്ക് 2017 നവംബർ 13 മുതൽ 2018 ഫെബ്രുവരി 9 വരെ യോഗ പരിശീലനം നൽകുന്നതിനാണ് പദ്ധതി തയാറാക്കിയത്.

| | |
|---|---|
| 1 | സെന്റ് സെബസ്റ്റ്യൻസ് യു പി സ്കൂൾ വെളിമാനം |
| 2 | ഗവ യു പി സ്കൂൾ ആറളം |
| 3 | ഗവ യു പി സ്കൂൾ ആറളം ഫാം |
| 4 | സുഹ്റ യു പി സ്കൂൾ വെള്ളർവയൽ |
| 5 | സെന്റ് മേരീസ് യു പി സ്കൂൾ |

പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1. ആറളം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതിയുടെ ആകെ ചെലവ് 2 ലക്ഷം രൂപയാണ്. മേൽപ്പറഞ്ഞ തുക BRN19220652010000037633, തീ. 05-04-2019 ബിൽ പ്രകാരം ഇരിട്ടി സബ് ട്രഷറിയിൽ നിന്നും പിൻ വലിച്ച് താഴെ പറയുന്നവർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

| പേര് | നൽകിയ തുക ₹ | ബാങ്ക് അക്കൗണ്ട് നമ്പർ | ചെലവ് ഇനം |
|---|---|---|---|
| ശ്രീനിവാസൻ പി | 32000 | CNRB0000728/0728101054664 | യോഗ ഇൻസ്ട്രക്ടർക്ക് ഹോണറേറിയം നൽകിയത് |
| സുനിത | 72000 | CNRB0000728/0728101061573 | എന്തിന് നൽകി എന്ന് വ്യക്തമല്ല, കൈപ്പറ്റ് രസീതി, ഓഫീസ് പ്രോസീഡിങ്സ് എന്നിവ ഇല്ല. |

| | | | |
|---|---|---|---|
| | | | |
| മുരളീധരൻ | 32000 | KLGB0040116/40116101010271 | എന്തിന് നൽകി എന്ന് വ്യക്തമല്ല, കൈപ്പറ്റ് രസീതി, ഓഫീസ് പ്രോസീഡിങ്സ് എന്നിവ ഇല്ല. |
| പ്രമീള വി | 32000 | KLGB0040487/40487100014737 | എന്തിന് നൽകി എന്ന് വ്യക്തമല്ല, കൈപ്പറ്റ് രസീതി, ഓഫീസ് പ്രോസീഡിങ്സ് എന്നിവ ഇല്ല. |
| ഷൈജിത്ത് സി | 32000 | SYNB0004257/42572200009136 | എന്തിന് നൽകി എന്ന് വ്യക്തമല്ല, കൈപ്പറ്റ് രസീതി, ഓഫീസ് പ്രോസീഡിങ്സ് എന്നിവ ഇല്ല. |

നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയലിനൊപ്പം ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്കാണ് തുക ചെലവഴിച്ചത് എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

| ചെലവ് ഇനം | തുക ₹ |
|---|---|
| യോഗ ഇൻസ്ട്രക്ടർക്ക് വേതനം | 105600 |
| യാത്ര ബത്ത | 13000 |
| ആറളം വന്യജീവി സങ്കേതത്തിൽ ക്യാമ്പ് | 18000 |
| സ്റ്റേഷണറി വാങ്ങിയത് | 1200 |
| ബാനർ | 500 |
| നോട്ട്ബുക്ക് | 335 |
| സി ഡി റൈറ്റിംഗ് | 1400 |
| യോഗ ഡെമോ ഷൂട്ടിംഗ് എഡിറ്റിംഗ് | 10000 |
| ആകെ | 150035 |

മേൽപ്പറഞ്ഞ ആകെ ചെലവ് തുകയായ ₹150035 യിൽ യോഗ ഇൻസ്ട്രക്ടർക്ക് വേതനം എന്ന ഇനത്തിൽ ചെലവ് ചെയ്ത തുകയായ ₹105600ൽ നിന്നും ശ്രീനിവാസൻ. പി കൈപ്പറ്റിയ ₹32000 യുടെ ചെലവിനു ആധാരമായ ചെലവ് രേഖകൾ (അറ്റണ്ടൻസ് ഷീറ്റ്,എഗ്രിമെന്റ് ഉടങ്ങിയവ) മാത്രമേ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ട്രഷറിയിൽ നിന്നും പിൻവലിച്ച ബാക്കി തുകയുടെ (₹73600) ചെലവിന് ആസ്പദമായ ചെലവ് രേഖകൾ ലഭ്യമല്ല.

2. തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ സ.ഉ(സാധാ)നം.3190/2017/തസ്വഭവ തീയതി, 03.10.2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം യോഗ പരിശീലനം നടത്തുന്നതിന് പരിശീലകർക്ക് പ്രതിദിനം ₹400 ക്രമത്തിൽ പ്രതിമാസം പരമാവധി ₹12,000 ഓണറേറിയം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ പരിശീലകരുടെ അറ്റന്റൻസ് ഷീറ്റ് പ്രകാരം ശ്രീനിവാസൻ. പി താഴെ പറയുന്ന ദിവസങ്ങളിൽ മാത്രമേ യോഗ പരിശീലനം നടത്തുന്നതിനു ഹാജരായിട്ടുള്ളൂ.

| മാസം | തീയതി | ദിവസം |
|---|---|---|
| നവംബർ 2017 | 13,14,15,16,17,20,21,22,23,24, 27,28,29,30 | 14 |
| ഡിസംബർ 2017 | 4,5,6, 7, 8,11,12,13,14,15,18,19, 21,22 | 14 |
| ജനവരി 2018 | 3,4,5,8,9,10,11,12,15,16,17,25,26,29,30,31 | 16 |
| ഫെബ്രുവരി 2018 | 1,2,5,6,7,8,9 | 7 |
| | ആകെ | 51 |

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം 51 ദിവസം യോഗ പരിശീലനം നടത്തുന്നതിന് പരിശീലകന് പ്രതിദിനം ₹400 ക്രമത്തിൽ അനുവദനീയമായ ആകെ തുക ₹20400 മാത്രമാണ് എന്നിരിക്കെ പരിശീലകന് അർഹമായതിനേക്കാൾ കൂടുതലായി ₹11600 നല്കുവാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്.

3. തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ സ.ഉ(സാധാ)നം.3190/2017/തസ്വഭവ തീയതി, 03.10.2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത സർവകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യമായ മറ്റ് ബിരുദമുള്ളവരെയോ യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യത ഉള്ളവരെയോ യോഗ പരിശീലകരായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശീലകന് മേൽപ്പറഞ്ഞ യോഗ്യതകൾ ഉള്ളതായി തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ പരിശീലകരുടെ അറ്റന്റൻസ് ഷീറ്റ് പ്രകാരം ശ്രീനിവാസൻ. പി, ഉദയ. എം.ആർ എന്നിവരാണ് മേൽപ്പറഞ്ഞ ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഉദയ. എം. ആർ എന്ന പരിശീലകയെ എങ്ങനെയാണ തെരഞ്ഞെടുത്തത് എന്നുള്ള വിവരം വ്യക്തമല്ല. പരിശീലകരുടെ തെരഞ്ഞെടുപ്പ് വിവരങ്ങൾ സുതാര്യമല്ല. ഇന്റർവ്യൂവിനു പങ്കെടുത്ത പരിശീലകരുടേത് എന്ന് കരുതുന്ന ഒരു ലിസ്റ്റിൽ ഉദയ. എം. ആർ എന്ന പരിശീലക ഉൾപ്പെട്ടിട്ടില്ല എന്നുള്ള കാര്യം വ്യക്തമാണ്. ഇന്റർവ്യൂ, തെരഞ്ഞെടുപ്പ് സംബന്ധിച്ച മറ്റു വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.

5. 2018 ജനവരി 26 ന് ആറളം വന്യജീവി സങ്കേതത്തിൽ വച്ച് ഏകദിന പഠന ക്യാമ്പ് സംഘടിപ്പിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. പഠന ക്യാമ്പിൽ 150 പേർ പങ്കെടുത്തെന്നും ഇതിന്റെ ചെലവായി ₹18000 വികസന ഫണ്ടിൽ നിന്നും ചെലവ് ചെയ്തെന്നും ടിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ സ.ഉ(സാധാ)നം.3190/2017/തസ്വഭവ തീയതി, 03.10.2017 നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 8.2 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ കാമ്പയിനുകൾ ക്യാമ്പുകൾ തുടങ്ങിയ ഇനങ്ങൾക്ക് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ഇക്കാര്യം പരിഗണിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്.

ഇത് സംബന്ധിച്ച് നൽകിയ 13/19-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 വൃക്കരോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ-രേഖകൾ ലഭ്യമല്ല, ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കീഴ്പള്ളി |
| പ്രോജക്റ്റ് നമ്പർ /പേര് | 102/20 വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ |
| അടങ്കൽ | ₹200000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹200000 |
| ബിൽ നമ്പർ | 19220652009501609941/26-03-2020 |
| പ്രഫോർമ്മ ഇൻവോയിസ് നം | PRF/5476/20-03-20 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെക്കൊടുത്ത പ്രകാരമുള്ള അപാകങ്ങളുണ്ട്.

1) ബിൽ നം 19220652009501609941/26-03-2020 പ്രകാരം ₹200000 KMSCL ൽ നിന്നും പ്രഫോർമ ഇൻവോയിസ് നം PRF/5476/20-03-20പ്രകാരം മരുന്ന് വാങ്ങുവാൻ മുൻകൂർ തുക നൽകുവാനാണ് വിനിയോഗിച്ചത്. എന്നാൽ മരുന്ന് ലഭിച്ചതായി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ വിവരം തുടങ്ങിയവ ലഭ്യമല്ല.

2) 14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.5.3 ഖണ്ഡിക പ്രകാരം ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 22/21-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ₹149600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ/പേര് | 171 /20 പട്ടിക ജാതി വിദ്യർത്ഥികൾക്ക് പഠന മുറി നിർമ്മാണം 2018-19 (S/o) |
| അടങ്കൽ | ₹ 149600 വികസന ഫണ്ട് SCP |
| ചെലവ് | ₹149600 ബിൽ നമ്പർ BRN19220652010001535811, തീ. 19-04-2019 |

ആറളം ഗ്രാമ പഞ്ചായത്തിലെ സൗമ്യ ബാബു ഇടശ്ശേരി എന്ന ഗുണഭോക്താവിന് പഠനമുറി നിർമ്മാണത്തിനു ധനസഹായം നൽകുന്നതിനാണ് പദ്ധതി തയാറാക്കിയത്. പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1. സൗമ്യ ബാബു ഇടശ്ശേരി എന്ന ഗുണഭോക്താവിന്റെ അപേക്ഷ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. ഗുണഭോക്താവിന്റെ ജാതി/ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

3. പട്ടിക ജാതിയിൽപ്പെട്ട വിദ്യാർഥികൾക്ക് പഠന മുറി നിർമ്മാണത്തിനു ധനസഹായം നൽകുന്നതിനാണ് പദ്ധതി തയാറാക്കിയത് കേരള ഗ്രാമീൺ ബാങ്കിന്റെ KLGB0040450/40450101041864 നമ്പർ അക്കൗണ്ട് പ്രകാരം സൗമ്യ ബാബു ഇടശ്ശേരി, W/o ജയൻ എന്ന ഗുണഭോക്താവ് വിദ്യാർഥി അല്ല. ഗുണഭോക്താവ് ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്നതായി തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

4. 14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.2.17 ഖണ്ഡിക പ്രകാരം എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് വീടിനോട് ചേർന്ന് ഒരു പഠന മുറി നിർമ്മിച്ചു നൽകാവുന്നതാണ്. മേൽ ഉത്തരവ് പ്രകാരം പഠന മുറി നൽകുന്ന ഗുണഭോക്താവിന് നിലവിലുള്ള 800 ചതുരശ്ര അടി വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിയ്ക്കാതെ പഠന മുറി അനുവദിക്കാവുന്നതാണ്. സ ഉ(സാധ) 2636/2018/ത.സ്വ.ഭ.വ തീയതി 15-10-2018 പ്രകാരം പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120 ചതുരശ്ര അടിയാണ്. എന്നാൽ

ഗുണഭോക്താവിന്റെ നിലവിലുള്ള വീട് 800 ചതുരശ്ര അടി അധികരിക്കാത്തതാണ് എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല. പഠന മുറി നിർമ്മാണത്തിന്റെ കോസ്റ്റ് എസ്റ്റിമേറ്റ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചതായി കാണുന്നില്ല. അതിനാൽ 120 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന പഠനമുറി തന്നെയാണ് ഗുണഭോക്താവ് നിർമ്മിച്ചിട്ടുള്ളത് എന്ന് ഉറപ്പ് വരുത്താതെയാണ് ഗുണഭോക്താവിന് തുക നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ 12/19-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 149600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ പദ്ധതിയിലെ - അപാകങ്ങൾ -₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി കീഴ്പള്ളി |
| പ്രോജക്ട് നമ്പർ / പേര് | 169/20 (S/O)<br>വൃക്ക രോഗികൾക്ക് ഡയാലിസിസ് തുടർ ചികിത്സ |
| അടങ്കൽ | ₹100000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹100000 വികസന ഫണ്ട് – ജനറൽ |
| ബിൽ നമ്പർ | 19220652009500037630/05-04-2019 ₹100000 |
| പ്രഫോർമ ഇൻവോയിസ് നം | PRF/5673/23-03-2019 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങളുണ്ട്.

1) ബിൽ നം 19220652009500037630/05-04-2019 പ്രകാരം തുക100000 KMSCL ൽ നിന്നും പ്രഫോർമ ഇൻവോയിസ് നം PRF/5673/23-03-2019 പ്രകാരം മരുന്ന് വാങ്ങുവാൻ മുൻകൂർ തുക നൽകുവാൻ ആണ് വിനിയോഗിച്ചത്. എന്നാൽ മരുന്ന് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ, വിതരണ വിവരം തുടങ്ങിയവ ലഭ്യമല്ല.

2) 14.02.18 ലെ ജി.ഒ(എം.എസ്) 22/18തസ്വഭവ നമ്പർ ഉത്തരവിലെ 7.5.3 ഖണ്ഡിക പ്രകാരം ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ ജില്ല മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ 24/21-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - ചെലവ് തുക ₹67524 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 68/20 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് Laptop വാങ്ങി നൽകൽ |
| അടങ്കൽ | ₹160000 (വികസന ഫണ്ട് -TSP : 150000, തനത് ഫണ്ട് : ₹10000) |
| ചെലവ് | ₹135048 വികസന ഫണ്ട് -TSP |

| | |
|---|---|
| ബിൽ നമ്പർ | BRN 19220652010000923157/09-12-2019 |

ഓൺലൈൻ പോർട്ടൽ സംവിധാനമായ CPRCS മുഖാന്തിരം ₹33762 നിരക്കിൽ കെൽട്രോൺ മുഖേന കേരള സ്റ്റേറ്റ് ഐ ടി മിഷനിൽനിന്നും 4 ലാപ്ടോപ്പുകൾ താഴെ പറയുന്ന ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ/ തീയ്യതി | എണ്ണം | തുക ₹ | ആകെ ₹ |
|---|---|---|---|
| TVM/ITBG/PI/RC/12060/19-20/03-12-2019 | 4 | 33762 | 135048 |

പദ്ധതി നിർവ്വഹണത്തിലുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. രേഖകൾ പരിശോധിച്ചതിൽ 2 വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പുകൾ വിതരണം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം വാങ്ങിച്ച ബാക്കി 2 ലാപ് ടോപ്പുകൾ അർഹരായ ഗുണഭോക്താക്കൾക്ക് ഓഡിറ്റ് തീയതി വരെ വിതരണം ചെയ്തിട്ടില്ല. ആയതിന് വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് ഫയലിൽ ലഭ്യമാക്കിയത് അനുസരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ അനർഹരായവർ കൂടുതൽ ആണെന്നും അർഹരായ കുട്ടികളെ കണ്ടെത്തുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തുവാൻ പഞ്ചായത്ത് ഭരണ സമിതിയോട് അപേക്ഷിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 14-02-2019 ന് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 47 ഗുണഭോക്താക്കളാണുള്ളത്. ഇതിൽ ലാപ് ടോപ് ലഭിച്ച 2 വിദ്യാർത്ഥിനികൾ ഒഴികെ ബാക്കി 45 ഗുണഭോക്താക്കളും അനർഹർ ആണെന്ന് പറയുമ്പോൾ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പ്രക്രിയ വേണ്ടത്ര കാര്യക്ഷമമല്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്.

2. താഴെ പറയുന്ന 2 വിദ്യാർത്ഥികൾക്കാണ് പദ്ധതി പ്രകാരം ലാപ്ടോപ് വിതരണം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | കോഴ്സ് | സ്ഥാപനം | കോഴ്സ് കാലയളവ് | ലാപ് ടോപ് കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|
| 1 | അനുമോൾ രാജൻ പാലുമ്മി വീട്, വിയറ്റ്നാം കോളനി, കീഴ്പള്ളി | B.Com With Computer Application | ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ്, അങ്ങാടിക്കടവ് | 2016-19 | 17-09-2021 |
| 2 | സ്നേഹ രാമൻ പാലുമ്മി വീട്, വടക്കേക്കര, കീഴ്പള്ളി | B.Com With Computer Application | ശ്രീ നാരായണ ഗുരു കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, വീർപ്പാട് | 2017-20 | 31-08-2021 |

മുകളിൽ പരാമർശിച്ചത് അനുസരിച്ച് നോക്കിയാൽ ലാപ് ടോപ് കൈപ്പറ്റിയ 2 വിദ്യാർത്ഥികൾക്ക് അത് ലഭിച്ചത് കോഴ്സ് കാലയളവ് കഴിഞ്ഞാണെന്ന് വ്യക്തമാണ്. 2 വിദ്യാർത്ഥികളും B.Com With Computer Application എന്ന കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സ് പഠിച്ചിട്ടും അവർ വിദ്യാർത്ഥികൾ ആയിരുന്ന കാലയളവിൽ അവർക്ക് ലാപ് ടോപ് നൽകുവാൻ കഴിഞ്ഞില്ല എന്നുള്ളത് പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയെ തന്നെയാണ് ചോദ്യം ചെയ്യുന്നത്. കോഴ്സ് കാലയളവ് കഴിഞ്ഞു കോളേജിൽ നിന്നും വിടുതൽ സർട്ടിഫിക്കറ്റ് (TC No: DBASC/119/2020Dt. 03-08-2020) അടക്കം വാങ്ങി പോയ മേൽപ്പറഞ്ഞ വിദ്യാർത്ഥികൾക്ക് 2021-22 വർഷം ലാപ്ടോപ് വിതരണം ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സ.ഉ. (കൈ) 11/2018, ത.സ്വ.ഭ.വ, തീയ്യതി 29-1-2018ലെ

ഖണ്ഡിക 7.2.8 ൽ പരാമർശിച്ച പ്രകാരം ഒരിക്കൽ മാത്രമേ പദ്ധതി ആനുകൂല്യം നൽകാവൂ. കൂടാതെ പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ പദ്ധതി നിർദേശങ്ങൾ ഇവിടെ പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 9/18-1-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി പ്രകാരം കെൽട്രോൺ മുഖാന്തിരം നടപ്പിലാക്കുന്ന മേൽ പദ്ധതിയിൽ ലാപ്ടോപ്പ് ലഭിക്കുവാൻ എടുത്ത കാലതാമസമാണ് കാരണം എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പട്ടിക ജാതി വികസന വകുപ്പിൽ നിന്നോ മറ്റു ബ്ലോക്ക് ജില്ല പഞ്ചായത്ത് പദ്ധതികൾ പ്രകാരമോ ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ പിന്നീട് ധനസഹായത്തിന് അർഹരല്ല എന്ന തെളിയിക്കുന്ന സർട്ടിഫിക്കറ്റ് മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ആവശ്യകത മുൻകൂട്ടി നിർണ്ണയിക്കാതെ പദ്ധതി വിഭാവനം ചെയ്തതും നടപ്പിലാക്കിയതും ക്രമവിരുദ്ധമാണ്. വിതരണം ചെയ്യാത്ത 2 ലാപ്ടോപ്പ് വാങ്ങുന്നതിനു വേണ്ടി ചെലവഴിച്ച ₹67524 തടസ്സപ്പെടുത്തുന്നു.

## 1-29 പട്ടികജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - അപാകങ്ങൾ - ₹39440 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 72/20<br>പട്ടിക ജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം 2019-20 |
| അടങ്കൽ | ₹ 50,000 വികസന ഫണ്ട് – SCP |
| ചെലവ് | ₹39440 ബിൽ നമ്പർ : BRN1922065201000134860/26-02-2020 |
| ഇൻവോയ്സ് നമ്പർ, തീയതി | FE/19-20/0344/21-02-2020 |

ഗ്രാമ പഞ്ചായത്തിന്റെ 14-02-2019 ലെ 1/43/2019 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 ഗുണഭോക്താക്കളായ പട്ടിക ജാതി വിദ്യാർത്ഥികൾക്കാണ് സ്റ്റീൽ മേശ, കസേര എന്നിവ മേൽപ്പറഞ്ഞ പദ്ധതി വഴി വിതരണം ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലുള്ള അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾ പട്ടിക ജാതി ഹൈസ്കൂൾ വിദ്യാർത്ഥികൾ ആയിരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

I. പദ്ധതി ആനുകൂല്യം കൈപ്പറ്റിയ ഹർഷ ഹരി എന്ന വിദ്യാർത്ഥി സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം പ്ലസ് ടു നാച്ചുറൽ സയൻസ് വിദ്യാർത്ഥിയാണ്.

Ii. പദ്ധതി ആനുകൂല്യം കൈപ്പറ്റിയ അനുശ്രീ. എൻ. എസ് എന്ന വിദ്യാർത്ഥി സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം പ്ലസ് ടു കോമേഴ്സ് വിദ്യർത്ഥിയാണ്.

Iii. പദ്ധതി ആനുകൂല്യം കൈപ്പറ്റിയ അർജ്ജുൻ കുമാർ. എം. വി എന്ന വിദ്യാർത്ഥി സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം 7ക്ലാസ്സ് ( U Pസ്കൂൾ ) വിദ്യർത്ഥിയാണ്.

2. അഭയ, പറമ്പത്തെ കണ്ടി എന്ന വിദ്യാർത്ഥി ഒഴികെ മറ്റാർക്കും തഹസിൽദാർ അനുവദിച്ച ജാതി തെളിയിക്കാൻ ആവശ്യമായ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഇല്ല.

3. അഭയ, പറമ്പത്തെ കണ്ടി, അഖില മലയതുകിൽ എന്നീ വിദ്യാർത്ഥികൾക്ക് സ്കൂൾ സർട്ടിഫിക്കറ്റ് ഇല്ല

4. പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സ.ഉ. (കൈ) 11/2018 , ത.സ്വ.ഭ.വ, തീയ്യതി 29.1.2018 – ലെ ഖണ്ഡിക 7.2.7 പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്നാണ്

വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതി മേൽപ്പറഞ്ഞ പ്രകാരമല്ല നടപ്പിലാക്കിയത്. കൂടാതെ പട്ടിക ജാതി വികസന വകുപ്പിൽ നിന്നോ മറ്റു ബ്ലോക്ക് ജില്ല പഞ്ചായത്ത് പദ്ധതികൾ പ്രകാരമോ ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ പിന്നീട് ധനസഹായത്തിന് അർഹരല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം അന്വേഷണ റിപ്പോർട്ട് / സാക്ഷ്യപത്രം എന്നിവ പരിഗണിക്കാതെയാണ് നിർവഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കിയത്. പട്ടിക ജാതി വികസന വകുപ്പിൽ നിന്നോ മറ്റു ബ്ലോക്ക് ജില്ലാ പഞ്ചായത്ത് പദ്ധതികൾ പ്രകാരമോ ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന തെളിയിക്കുന്ന സർട്ടിഫിക്കറ്റ് മേൽ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

5. മേൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 10/18-01-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പദ്ധതി നടപ്പിലാക്കി വരുമ്പോൾ ഉണ്ടാകുന്ന സമയ ദൈർഘ്യം മുഖാന്തിരം കുട്ടികൾ ഉയർന്ന ക്ലാസ്സുകളിൽ എത്തുന്നത് കാരണമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് ₹39440 തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി |
|---|---|---|
| 2019-20 | 14-01-2022, 15-01-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.10/99/22 തീയതി: 02.04.2022. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം:

സംയുക്ത പ്രോജക്ടുകൾക്ക് 2019-20 വർഷം ലഭിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 170000 | 33/20 നെൽകൃഷിക്ക് കൂലിച്ചെലവിനും വിത്തിനും സബ്സിഡി | 170000 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | 2019-20 | | |
| 2 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 724414 | 56/20 ക്ഷീര കർഷകർക്ക് ഉൽപ്പാദന ബോണസ്സ് | 724414 | ഇല്ല |
| 3 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 660053 | | 660053 | ഇല്ല |
| 4 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 400000 | 74/20 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 400000 | ഇല്ല |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 350000 | | 350000 | ഇല്ല |
| 6 | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2676000 | 244/20 ലൈഫ് മിഷൻ ഭവന പദ്ധതി | 2676000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 478458 | | 478458 | ഇല്ല |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ /പേര് | ബിൽ നമ്പർ/തീയ്യതി | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 189/20 ചതിരൂർ 110 കോളനി കുഴൽ കിണർ നിർമ്മാണം | 19922065200980094647I 13-12-2019 | 28000 | 28000 | പൂർത്തീകരണവിവരം ലഭ്യമല്ല | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ₹8,80,000 വരവുണ്ട്. മുൻബാക്കി ₹2,37,60,000യടക്കം ₹2,46,40,000 യിൽ തൻവർഷം ₹ 16,76,471 തിരിച്ചടച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി | GO. (RT) No.688/2019/ ത.സ്വ.ഭ.വ/ 22-3-2019 | 2,46,40,000 | 2,46,40,000 | 16,76,471 | - | 22963529 |

* ജി.ഒ പ്രോജക്ട് പ്രകാരം വികസന ഫണ്ട് എസ്.സി.പി, ടി.എസ്.പി എന്നിവയിൽ നിന്നും 2019-20 ൽതിരിച്ചടച്ച KURDFC ലോൺ തുകയായ ₹29,412 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ B-5 ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടക്കാൻ ബാക്കി ₹2,29,92,941 എന്നാണുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 27,65,838 |
| തൻവർഷം നിക്ഷേപിച്ചത് | 230682 |
| ആകെ | 2996520 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 2996520 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | പായം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, എട്ടൂർ FD നമ്പർ 001001028145/31-3-2020 | 31-3-2021 | 1085000 |
| 2 | ഇരിട്ടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, എട്ടൂർ FD നമ്പർ 151/2016-17/8-9-2019 | 7-9-2020 | 637174 |
| 3 | ആറളം കോ ഓപ്പറേറ്റീവ് ബാങ്ക്, കീഴ്പള്ളി FD നമ്പർ 10843/19-8-2019 | 13-8-2020 | 1274346 |
| | ആകെ | | 2996520 |

* സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് പ്രകാരം 2019-20ൽ പലിശ ഉൾപ്പെടെ പുതുക്കി സ്ഥിര നിക്ഷേപമാക്കി മാറ്റിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ B-12 പ്രകാരം പലിശ ഉൾപ്പെടെയുള്ള സ്ഥിര നിക്ഷേപം ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹6685 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ / തീയ്യതി |
|---|---|---|---|---|
| 2017-18 | 2-3 | 3500 | ആറളം ഗ്രാമ പഞ്ചായത്ത് വനിത കോ ഓപ്പറേറ്റീവ് സൊസൈറ്റി | 119030101727/22-8-2019 |
| 2017-18 | 2-3 | 750 | | 119030101728/22-8-2019 |
| 2017-18 | 2-3-4 | 85 | തൊഴിൽ നികുതി ഫൈൻ | 119030105749/27-2-2020 |
| 2017-18 | 2-4 | 50 | രാജു തോമസ് | 119030100944/27-6-2019 |
| 2017-18 | 4-2(1) | 200 | സക്കറിയ. യു.എ. | 119030101345/24-7-2019 |
| 2017-18 | 2-4-2(2) | 100 | ആറളം ഗ്രാമ പഞ്ചായത്ത് വനിത സഹകരണ സംഘം | 119030105750/27-2-2020 |

| | | | | |
|---|---|---|---|---|
| 2013-14, 2014-15 | 3-1 | 2000 | പ്രഭാകരൻ. ടി. കെ, സീനിയർ ക്ലർക്ക് | 119030105748/27-2-2020 |
| ആകെ | | 6685 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 2-1 | 2016-17 | അധ്യായം 2 അനുബന്ധം 4 | തൊഴിൽ നികുതി കണക്കാക്കുന്നതിന് വീട്ടുവാടക ഉൾപ്പെടുത്തുന്നു | നിലനിൽക്കുന്നു |
| 2015-16 | 2-4(എ) | 2016-17 | അധ്യായം 2 അനുബന്ധം 5 | ഡി & ഒ ലൈസൻസ് അപേക്ഷകളിൽ പരിശോധന റിപ്പോർട്ടോ സെക്രട്ടറിയുടെ തീരുമാനമോ ഇല്ല | നിലനിൽക്കുന്നു |
| 2015-16 | 2-4(ബി) | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി അപാകങ്ങൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |
| 2015-16 | 2-4(സി) | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |
| 2015-16 | 2-4(ഡി) | 2016-17 | അധ്യായം 2 അനുബന്ധം 5 | അസസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | നിലനിൽക്കുന്നു |
| 2015-16 | 2-4(ഇ) | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല. | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹87149715 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹82520247 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1338028 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-16 | 255000 | ശ്രീ. റോബർട്ട് ജോസഫ്, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-17 | 28000 | ശ്രീ. റോബർട്ട് ജോസഫ്, സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| 1-20 | 48510 | ശ്രീ. അബ്ദുള്ള. കെ. പി, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് |
| 1-22 | 159500 | ഡോ. പ്രിയ സദാനന്ദൻ,<br>മെഡിക്കൽ ഓഫീസർ, CHC, കീഴ്പള്ളി |
| 1-23 | 90454 | ഡോ. പ്രിയ സദാനന്ദൻ,<br>മെഡിക്കൽ ഓഫീസർ, CHC, കീഴ്പള്ളി |
| 1-24 | 200000 | ശ്രീ. അബ്ദുള്ള. കെ.പി, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് |
| 1-25 | 200000 | ഡോ. പ്രിയ സദാനന്ദൻ,<br>മെഡിക്കൽ ഓഫീസർ, CHC, കീഴ്പള്ളി |
| 1-26 | 149600 | ശ്രീ. അബ്ദുള്ള. കെ. പി, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് |
| 1-27 | 100000 | ഡോ. പ്രിയ സദാനന്ദൻ,<br>മെഡിക്കൽ ഓഫീസർ, CHC, കീഴ്പള്ളി |
| 1-28 | 67524 | ഡോ.അബ്ദുള്ള.കെ.പി, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് |
| 1-29 | 39440 | ഡോ.അബ്ദുള്ള.കെ.പി, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് |
| ആകെ | 1338028 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റോബർട്ട് ജോസഫ്, സെക്രട്ടറി | സെക്രട്ടറി, എരുവേശ്ശി ഗ്രാമ പഞ്ചായത്ത്. | പുത്തൂര്, ഉളിക്കൽ (പി.ഒ), കണ്ണൂർ. |
| ഡോ.അബ്ദുള്ള.കെ.പി, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. | ഹെഡ് മാസ്റ്റർ, പായം ജി.എൽ.പി.എസ്. | ഹാരിസ മൻസിൽ, ആറളം (പി.ഒ), കണ്ണൂർ. |
| ഡോ:പ്രിയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കീഴ്പള്ളി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,കീഴ്പള്ളി. | കൃഷ്ണരാഗം, നിയർ ഗവഃതാലൂക്ക് ഹോസ്പിറ്റൽ, പേരാവൂർ, 670673. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 പദ്ധതി വിഹിതം | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 4 |
| 2009-10, 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 7 |
| 2011-12, 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 5 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 13 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 580/2019 തീ. 06-06-2019 | 11 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 1081/2019 തീ. 05-11-2019 | 14 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.10/ 401/2020 തീ. 28-09-2020 | 22 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## RECEIPT & PAYMENT STATEMENT

| For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 53937997.00 |
| Cash | Cash | RP-40(a) | 61.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2366870.00 |
| 140000000 | Fees & User Charges | RP-4 | 868870.00 |
| 150000000 | Sale & Hire Charges | RP-5 | 354139.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 81812306.00 |
| 171000000 | Interest Earned | RP-9 | 404485.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7791043.00 |
| 350000000 | Other Liabilities | RP-36 | 312591.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 100.00 |
| 311000000 | Earmarked Funds | RP-29 | 102553.00 |
| 340000000 | Deposits Received | RP-34 | 265276.00 |
| 350000000 | Other Liabilities | RP-36 | 518819.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3794545.00 |
| 460000000 | Loans, Advances and Deposits | RP-47 | 1170.00 |
| | Grand total | | 152530825.00 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3044912.00 |
| 220000000 | Administrative Expenses | RP-12 | 1621646.00 |
| 230000000 | Operations & Maintenance | RP-13 | 1703369.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12340359.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 25482801.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3540396.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 133000.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 863511.00 |

Deputy Director
District Audit Office, Kannur

## അനുബന്ധം 4

## INCOME & EXPENDITURE STATEMENT -Aralam Grama Panchayat

| For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5895236.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 84865.00 |
| 140000000 | Fee & User Charges | I-4(b) | 1041370.00 |
| 150000000 | Sale & Hire Charges | I-5(b) | 354139.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 319959516.00 |
| 170000000 | Income from Investments | I-7 | 467692.00 |
| 171000000 | Interest Earned | I-8 | 404485.00 |
| 180000000 | Other Income | I-9 | 100.00 |
| | Total Income | | 328207403.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10968359.00 |
| 220000000 | Administrative Expenses | I-11(b) | 1622146.00 |
| 230000000 | Operations & Maintenance | I-12(b) | 1892603.00 |
| 240000000 | Interest & Finance Charges | I-13 | 2120.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 16480195.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 186414336.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3540396.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 133000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 69480091.00 |
| 255000000 | Maintenance Projects | I-14(e) | 13562052.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 45000.00 |
| 270000000 | Provisions and Write off | I-16 | 2698.00 |
| 272000000 | Depreciation | I-17(a) | 26189074.00 |
| | Total Expenditure | | 330332070.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | -2124667.00 |
| 280000000 | Prior Period Item | I-18 | 16270033.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -18394700.00 |

Deputy Director
District Audit Office, Kannur

## അനുബന്ധം 5

## BALANCE SHEET - Aralam Grama Panchayat

| For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 78154302.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 31621.00 |
| 312000000 | Reserves | B-3 | 156861447.00 |
| | Total Reserve & Surplus | | 235047370.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27605806.00 |
| | Total Grants, Contributions for Specific Purposes | | 27605806.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 22992941.00 |
| | Total Loans | | 22992941.00 |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 1108780.00 |
| 350000000 | Other Liabilities | B-9 | 1065838.00 |
| | Total Current Liabilities and Provisions | | 2174618.00 |
| | TOTAL LIABILITIES | | 287820735.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 264479687.00 |
| 411000000 | Accumulated Depreciation | B-11 | -52307055.00 |
| 412000000 | Capital Work in Progress | B-11(a) | 1028870.00 |
| | Total Fixed Assets | | 213201502.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 2765838.00 |
| | Total Investments | | 2765838.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 137408.00 |
| 440000000 | Pre-paid Expenses | B-16 | 16860000.00 |
| 450000000 | Cash and Bank Balance | B-17 | 53938058.00 |
| 460000000 | Loans, Advances and Deposits | B-18 | 917929.00 |
| | Total Current Assets, Loans and Advances | | 71853395.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | | |
|---|---|---|---|
| | TOTAL ASSETS | | 287820735.00 |

Deputy Director
District Audit Office, Kannur